

# Jubilet

Since 1951

Issue No. 7 | JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE | JUNE 2015

## Editor's Desk

ജൂൺ 5-ാം തിയ്യതി ലോകപരിസ്ഥിതിദിനമായി ആചരിക്കുകയുണ്ടായല്ലോ. നാം ജീവിക്കുന്ന ഈ ഭൂമി എങ്ങനെയും ഉപയോഗിക്കപ്പെടേണ്ടതല്ല, മറിച്ച് സംരക്ഷിക്കപ്പെടേണ്ടതുകൂടിയാണ് എന്ന സത്യം നമ്മെ ഓർമ്മിപ്പിക്കുകയാണ് ഇത്തരത്തിലുള്ള പതിവുകൾ.

മനുഷ്യൻ തങ്ങളുടെ ജീവൻ നിലനിർത്താനും സൗകര്യങ്ങളോടുകൂടി ജീവിക്കാനും ആഗ്രഹിക്കുന്നതിൽ തെറ്റില്ല. പക്ഷേ വരുംതലമുറകൾക്കുംകൂടി അവകാശപ്പെട്ടതാണ് ഈ ഭൂമിയും അതിലെ സകല സ്രോതസ്സുകളും എന്ന കാര്യം മറക്കാതിരിക്കേണ്ടത് ആവശ്യമാണ്.

'Not for greed but for need' എന്നത് നമുക്ക് അറിവുള്ളതാണ്. നമ്മുടെ ആർത്തിയല്ല ആവശ്യമാണ് നോക്കേണ്ടത്. പ്രകൃതിചൂഷണമല്ല പ്രകൃതി സ്നേഹമാണ് നമ്മിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്നത്. ഏതു വിധേനയും ഉപയോഗിക്കാനുള്ളതല്ല മറിച്ച് ഉത്തരവാദിത്വത്തോടെ ഔദാര്യപൂർവ്വം വേണം ഭൂമിയെയും പ്രകൃതിയെയും സമീപിക്കാനും ബഹുമാനിക്കാനും എന്നത് നിസ്തർക്കമാണ്.

സ്വാർത്ഥതയോടെ വരും വരായ്കകൾ നോക്കാതെയുള്ള രീതികൾ കൈവെടിഞ്ഞ് ഔദാര്യത്തോടെ ഉത്തരവാദിത്വത്തോടെ പ്രകൃതിയെ സമീപിക്കാൻ സ്നേഹിക്കാൻ നമുക്ക് സാധിക്കട്ടെ.

**ഫാ. സിജോ ചെറുവത്തൂർ,**

*എഡിറ്റർ*

## Message

*പ്രിയരേ,*

“ജ്ഞാനമാണ് ഞാൻ എന്റെ വാസം വിവേകത്തിലും” (സുഭാ - 8:12).

ഈശ്വരനാണ് സകല വിജ്ഞാനത്തിന്റേയും ഉറവിടം. ഈശ്വരനിലെത്തുവോളമുള്ള നമ്മുടെ ജീവിതയാത്രയിൽ വിജ്ഞാനദാഹികളായി നാം ജീവിക്കണം. മരണം വരെ പല വിധത്തിലും പലതും നാം പഠിച്ചുകൊണ്ടേ ഇരിക്കുന്നു. ഒരു മനുഷ്യന്റേയും അറിവ് പൂർണ്ണമല്ല എന്നർത്ഥം.

ആചാര്യാത് പാദം ആദത്തേ
പാദം ശിഷ്യഃ സ്വമേധയാ
പാദം സബ്രഹ്മചാരിഭ്യഃ
പാദം കാലക്രമേണതു.

ഒരു മനുഷ്യന് ആകെയുള്ള അറിവിൽ നാലിലൊന്ന് അദ്ധ്യാപകരിൽ നിന്നും ഇനിയും കാൽ ഭാഗം ശിഷ്യൻ സ്വയമായും പിന്നെയുള്ള നാലിലൊന്ന് കൂട്ടുകാരിൽ നിന്നും ശേഷിക്കുന്ന ഭാഗം കാലക്രമത്തിലും അയാൾക്ക് വന്നുചേരുന്നു എന്ന് ചുരുക്കം.

ദൈവത്തിന്റെ ദാനമാണ് ജ്ഞാനം - തന്നെ പ്രസാദിപ്പിക്കുന്നവർക്ക് ദൈവം ജ്ഞാനവും അറിവും ആനന്ദവും പ്രദാനം ചെയ്യുന്നു. (സുഭാ - 2:26 ). ഈ പുതിയ മാസത്തിൽ, അറിവ് പൂർണ്ണമായ് ലഭിക്കുന്നത് ദൈവദാനമായ ജ്ഞാനം എളിമയോടെ സ്വീകരിക്കുന്നവർക്ക് മാത്രമാണെന്ന് നമുക്ക് തിരിച്ചറിയാം. “ജ്ഞാനം കപട ഹൃദയങ്ങളിൽ പ്രവേശിക്കുകയില്ല, പാപത്തിന് അടിമയായ ശരീരത്തിൽ വസിക്കുകയുമില്ല.” (ജ്ഞാനം 1:4). ആയതിനാൽ നമുക്ക് നമ്മുടെ അവിദ്യയെ വിദ്യകൊണ്ടും ആലസ്യത്തെ നിഷ്കാമകർമ്മം കൊണ്ടും ജയിച്ച് വിജ്ഞാനത്തിലും വിവേകത്തിലും സത്യത്തിലും അനുദിനം വളരാം.

**ഫാ. സെബി കാഞ്ഞിരത്തിങ്കൽ**

*അസി. ഡയറക്ടർ*

## CONGRATULATIONS




മലേഷ്യയിൽ ജൂൺ 3 മുതൽ 6 വരെ നടന്ന 24-ാമത് ഏഷ്യൻ ആന്റ് ഓഷ്യാനിക്ക് കോൺഗ്രസ് ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി (ADCOG-2015)-യിൽ ഫാക്കൽട്ടിയായി ക്ഷണിക്കപ്പെട്ട ഡോ. അശ്വത്ത് കുമാർ ആർ. (അഡീ. പ്രൊഫസർ, OBG)-ന് അഭിനന്ദനങ്ങൾ.

## WELCOME



ജനറൽ മെഡിസിൻ വിഭാഗത്തിൽ (വാർദ്ധക്യ രോഗ ചികിത്സ/ Geriatrics) ചാർജ്ജെടുത്ത ഡോ. സ്റ്റീവ് പോൾ (DNB, DGM)- ന് ജൂബിലി കുടുംബത്തിലേയ്ക്ക് സ്വാഗതം.



## കൂടുതൽ കാര്യക്ഷമതയുള്ള രോഗീപരിചരണത്തിന് പ്രതിജ്ഞയെടുത്ത് നേഴ്സുമാർ

ആതുരസേവനരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കിയ വിളക്കേന്തിയ വനിതയായ ഫ്ളോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനമായ മെയ് പന്ത്രണ്ട് ലോകനേഴ്സസ് ദിനമായി ആചരിച്ചു. കത്തിച്ച തിരികളുമായാണ് കൂടുതൽ കാര്യക്ഷമതയുള്ള രോഗീപരിചരണത്തിന് ജൂബിലി മിഷനിലെ നേഴ്സുമാർ പ്രതിജ്ഞയെടുത്തത്. ജൂബിലി മിഷനിലെ ഡിപ്പാർട്ട്മെന്റ് ഓഫ് നേഴ്സിങ്ങ് സർവ്വീസസ് ആന്റ് എഡ്യുക്കേഷന്റെ നേതൃത്വത്തിൽ മോൺ. മുരിങ്ങാത്തേരി ഹാളിൽ ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ ശ്രീ. ടി. വി. ചന്ദ്രമോഹൻ സംഗമം ഉദ്ഘാടനം ചെയ്തു.



നവജാത ശിശു സുരക്ഷ കാര്യക്രമം (NSSK) വർക്ക്ഷോപ്പ്, ജൂബിലി മിഷനിലെ നിയോനേറ്റൽ വിഭാഗവും, ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സും ചേർന്ന് നടത്തി.



തൃശൂർ പൂരത്തോടനുബന്ധിച്ച് നടന്ന പ്രദർശനത്തിൽ ഏറ്റവും മികച്ച മെഡിക്കൽ പവലിയനുള്ള പുരസ്കാരം ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് ലഭിച്ചു.



**ലോകപരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് 'ഗ്രീൻ ജൂബിലി പദ്ധതി' ഉദ്ഘാടനം ചെയ്തു.**

## ആശംസകൾ



കഴിഞ്ഞ നാലുവർഷക്കാലം ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗിന്റെ പ്രിൻസിപ്പലായി സ്തുത്യർഹ സേവനമനുഷ്ഠിച്ച സിസ്റ്റർ മേരി ജോണിന് ഹൃദയംഗമമായ നന്ദി.

ഈ കാലയളവിൽ മാതൃവാത്സല്യത്തോടെ കുട്ടികളോടൊപ്പം അവരുടെ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ ജാഗ്രതയോടെ പ്രവർത്തിച്ച സിസ്റ്ററിന്റെ സേവനം വാക്കുകൾക്ക് അതീതമാണ്. സിസ്റ്ററിന്റെ ഭാവി ജീവിതം ദൈവാനുഗ്രഹപൂർണ്ണമാകട്ടെ എന്നാശംസിക്കുന്നു.

*"എടുപ്പിലും, നടപ്പിലും, വാക്കിലും, പ്രവൃത്തിയിലും ദൈവത്തിന്റേയും മനുഷ്യരുടേയും മുൻപിൽ വിനീതരായിരിക്കുക." – സി. മേരി ജോൺ*



ജീവിതം നേട്ടങ്ങളുടേയോ ജയങ്ങളുടേയോ അല്ല, ഉപേക്ഷിക്കലുകളുടേയും പൊരുത്തപ്പെടലുകളുടേതുമാണ്.

ചിത്രരചനയിൽ കറുത്തവരകളുടെ സ്വാധീനം പോലെയാണ് ജീവിതത്തിൽ നൊമ്പരങ്ങളുടെ സ്ഥാനം.

കൈയ്യിലുള്ള ഡിഗ്രിയോ, സമൂഹത്തിലെ സ്ഥാനമോ, പണമോ, കഴിവുകളോ ഒന്നും കുടുംബ/സമൂഹ ജീവിതത്തിൽ സഹായിക്കില്ല. ബന്ധങ്ങൾ നെയ്യാനുള്ള കഴിവാണ് ശരിക്കും മനുഷ്യനെ ജീവിതത്തിൽ വിജയിപ്പിക്കുന്നത്

- Sr. Ancy

## News Headlines from Jubilee Centre for Medical Research

1. ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിന്റെ ഭരണകാര്യങ്ങൾക്കായി ജൂബിലി മിഷൻ ഹോസ്പിറ്റൽ ട്രസ്റ്റ് രൂപം കൊടുത്ത ഗവേണിങ്ങ് ബോർഡിന്റെ പ്രഥമ യോഗം 04.06.2015-ന് ചേർന്നു.
2. ആറ് എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് ലഘു ഗവേഷണ പദ്ധതികൾക്കായി സാങ്കേതികവും സാമ്പത്തികവുമായ സഹായം JCMR അനുവദിച്ചു.

# അദ്ധ്യയനവർഷം

പുതുവർഷ പുലരികളെ വരവേൽക്കുവാൻ പ്രതീക്ഷയുമായ് കാത്തിരിക്കുമ്പോൾ ഓർമ്മയുടെ മണിച്ചെപ്പിൽ നിന്നും ഓർത്തെടുത്ത ഏതാനും വാക്കുകൾ സ്നേഹപൂർവ്വം കൂട്ടുകാർക്കായ് ....

ഇടവപ്പാതിയിലെ മഴമേഘപാളികൾ ഒരു പിടി നല്ല ഓർമ്മകൾ സമ്മാനിച്ച് അകന്നു പോകുന്നു. 'വിദ്യ' എന്ന രണ്ടക്ഷരം വിജയത്തിന്റെ ചവിട്ടുപടിയാകുവാൻ, നേർത്ത തേങ്ങലോടെ സ്കൂൾ അങ്കണത്തിലെത്തിയ ആദ്യ ദിനം, വളപ്പൊട്ടുകളും, ഗോലികളും, ചുവരിലെ വർണ്ണക്കടലാസുകളോടും പ്രിയം തോന്നി കുത്തിക്കുറിച്ച ചെറിയ ചെറിയ വാക്കുകൾ. ബാഗുകളിൽ എന്നും സഹപാഠിയായ് മാറിയ കുന്നിക്കുരു, ഉരുവിട്ടു പഠിച്ച പാഠഭാഗങ്ങൾ, സൗഹൃദമായ് നിറഞ്ഞുനിന്ന വേദികൾ, അൽപാൽപമായ അകൽച്ചയും പിണക്കവും ഒത്തുചേർന്ന കുരുന്നുവികൃതികൾ, വിജ്ഞാനത്തിനുവേണ്ടിയുള്ള അന്വേഷണ പാച്ചിലിൽ എല്ലാം മറന്ന് ഉയർന്ന് പറക്കുമ്പോൾ തീർന്നുപോകുന്ന ബാല്യത്തെ ഗൗനിച്ചതേയില്ല. അവസാനം, വിദ്യാലയങ്കണത്തിന്റെ പടിയിറങ്ങുമ്പോൾ കൂടെയുണ്ടായിരുന്നു, ഏതാനും സർട്ടിഫിക്കറ്റുകളും കുന്നോളം ഓർമ്മകളും മാത്രം. കഴിഞ്ഞുപോയ നേർത്ത നൊമ്പരങ്ങൾക്ക് കൂട്ടിരിക്കാൻ കൂടെയുണ്ടായിരുന്നു, കൂട്ടുകാരുടെ പുസ്തകതാളിലെ വാക്കുകൾ.

വിജ്ഞാനത്തിലൂടെ മാത്രമേ നിർഭയനായി ജീവിക്കാനാവൂ എന്ന തത്ത്വം ഓർമ്മപ്പെടുത്തിയ ടാഗോറിന്റെ വാക്കുകളെ പ്രകീർത്തിച്ചുകൊണ്ട്

Ms. S. Krishnaveni, MRD

## ഇത് വിദ്യാഭ്യാസമോ?

സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് വിദ്യ അഭ്യസിക്കേണ്ടത് വളരെ അത്യാവശ്യമാണ്. എന്നാൽ നാം ഇന്ന് ആയിരിക്കുന്ന സമൂഹം വിദ്യയെ ഒരു അഭ്യാസമായാണോ കണ്ടിരിക്കുന്നത് എന്ന വസ്തുത ചിന്തിക്കേണ്ടതാണ്. ഓരോ വർഷവും സ്കൂൾ തുറക്കുമ്പോൾ എത്രയോ കുരുന്ന് മക്കളാണ് പുതിയ അറിവുകൾ നേടാനായി വിദ്യാലയങ്ങളിൽ എത്തിച്ചേരുന്നത്. ടീച്ചർമാരുടേയും സഹപാഠികളുടേയും കൈപിടിച്ച് അവർ ജീവിതത്തിന്റെ സുഖങ്ങളും ദുഖങ്ങളും എല്ലാം ഒത്തുചേർത്ത് വിജയപ്പടികൾ ചവിട്ടിക്കയറുന്നു. പാശ്ചാത്യ ജീവിതരീതിയോടുള്ള അഭിനിവേശവും ഉന്നതിയിലെത്തണമെന്നുള്ള ത്വരയും ഓരോ കുഞ്ഞിനേയും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമാക്കുന്നു.

നൂതനമായ പാഠ്യപദ്ധതിയിലൂടെ ഭാരതീയ സംസ്കാരവും പാരമ്പര്യവും പഠിതാവിന്റെ സാമൂഹ്യ സാഹചര്യത്തെക്കുറിച്ചുള്ള അറിവും ആർജ്ജവത്വവും വളർത്തേണ്ടതാണ്. അങ്ങനെയെങ്കിൽ മാത്രം നമ്മുടെ കുഞ്ഞുങ്ങൾക്ക് ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള വളർച്ചയുടെ പടവുകൾ ചവിട്ടിക്കയറാനാകൂ. സിലബസ്സുകൾ മാറി മാറി വരുന്ന കാലഘട്ടത്തിൽ കുട്ടികൾ ചിന്താകുലരാകുന്നു. എന്താണ്? എങ്ങനെയാണ്? എപ്പോഴാണ് പഠിക്കേണ്ടത് എന്ന് ഓരോ മാതാപിതാക്കളും ഗുരുക്കന്മാരും മുതിർന്ന വ്യക്തികളും തങ്ങളുടെ മാതൃകാപരമായ ജീവിതത്തിലൂടെ അവരെ പഠിപ്പിക്കേണ്ടതാണ്. അതിനാൽ വിദ്യ എന്നും എല്ലാവർക്കും ഒരു അഭ്യാസമായി മാറട്ടെ.

Ms. Sindhu M. P.,

Clinical Instructor, JMCON

# സ്വഭാവ രൂപീകരണത്തിൽ വിദ്യാഭ്യാസത്തിനുള്ള സ്ഥാനം

വിദ്യഭ്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് കുട്ടികളിലും മുതിർന്നവരിലും ഉള്ള ആത്മീയവും മാനസികവും ശാരീരികവുമായ ഉത്തമാംശങ്ങളുടെ ആവിഷ്ക്കരണമാണ്.

മഹാത്മാഗാന്ധിയുടെ ഈ വാക്കുകൾ വിദ്യാഭ്യാസത്തിനുള്ള സുപ്രധാന പങ്ക് വ്യക്തമാക്കുന്നു. ഒരു കുട്ടിക്ക് ലഭിക്കുന്ന മാനസികവും ബുദ്ധിപരവും ആത്മീയവുമായ ആഹാരമാണ് വിദ്യാഭ്യാസം. ആഹാരത്തിലും അത് പാകം ചെയ്യുന്നതിലും, വിളമ്പുന്നതിനുമുള്ള മനോഭാവവും, ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ബാധിക്കുമെന്നതിൽ സംശയമില്ല.

ആരോഗ്യമെന്നാൽ രോഗമില്ലാത്ത അവസ്ഥ എന്നാണർത്ഥം. ആരോഗ്യമുള്ള ശരീരവും, ആരോഗ്യമുള്ള മനസ്സും വിദ്യാഭ്യാസത്തിൽ നിന്ന് ലഭിയ്ക്കണം. വ്യക്തിയും സമൂഹവും തമ്മിൽ ആരോഗ്യകരമായ രീതിയിൽ പ്രവൃത്തിക്കുമ്പോൾ വ്യക്തിത്വം മെച്ചപ്പെടുന്നു.

ഗുണപരമായ പെരുമാറ്റ വ്യത്യാസമാണ് പഠനം. തനിക്കും സമൂഹത്തിനും അഭിലക്ഷണീയമായ ആവർത്തന വ്യതിയാനങ്ങൾ ഉണ്ടാക്കുവാൻ പഠനാന്തരീക്ഷം പ്രയോജനപ്പെടണം.

സംസാരം, എഴുത്ത്, പെരുമാറ്റം എന്നിവയിൽ നല്ല ശീലങ്ങൾ രൂപീകരിക്കുവാൻ വിദ്യാഭ്യാസത്തിന് കഴിയണം. വികലമായ രീതികൾ വികലമായ സ്വഭാവത്തെ ഉറപ്പിക്കുന്നു. കുഞ്ഞ് നല്ലവനായി ജനിക്കുന്നു. സാഹചര്യം അവനെ കള്ളനോ മഹാനോ ആക്കി മാറ്റുന്നു. വ്യക്തിത്വ വികസനത്തിന് അവസരങ്ങൾ നൽകുന്ന വിദ്യാഭ്യാസ രീതിയിലൂടെ തന്റെ ചിന്തയ്ക്കും, ഇച്ഛയ്ക്കും അനുസൃതമായി നല്ലൊരു ജീവിതം കെട്ടിപ്പടുക്കാനാവും. വിദ്യാഭ്യാസത്തിന്റെ ആകെത്തുകയാണ് വ്യക്തിത്വവും സംസ്കാരവും. വികാരങ്ങൾ, അഭിരുചികൾ, വിചാരങ്ങൾ, ലക്ഷ്യങ്ങൾ, താൽപര്യങ്ങൾ എന്നിവ നല്ല രീതിയിൽ വളർത്തുവാനും അവയെ നാടിനും തനിക്കും വേണ്ടി പരമാവധി ഉപയോഗപ്പെടുത്തുവാനും വിദ്യാഭ്യാസം സഹായിക്കുന്നു. ഉറച്ച കാൽവെയ്പ്പോടെ ഏതു വെല്ലുവിളികളേയും അന്തസ്സായി നേരിടുവാൻ വിദ്യാർത്ഥികളെ പര്യാപ്തമാക്കുന്ന സ്വഭാവം അവർക്ക് രൂപീകരിക്കാൻ കഴിഞ്ഞാൽ വിദ്യാഭ്യാസലക്ഷ്യം സാക്ഷാത്കൃതമായി എന്ന് പറയാം.

Ms. Ansa Sunil,

Lecturer, JMCON

**ജൂൺ 5– ലോക പരിസ്ഥിതി ദിനം 2015**

Theme -

**“Seven Billion Dreams; One Planet; Consume with Care”**




## ഓർമ്മകളുണരുമ്പോൾ

മനസ്സിന്റെ ഒരു കോണിൽ മാത്ര-
മാണെൻ ഓർമ്മകളുടെ സംഗമം
വസന്തം പൂത്തുലഞ്ഞതുപോലെ
തെന്നൽ മെല്ലെ തഴുകുന്നതുപോലെ
ഓർമ്മകളുടെ ചക്രവാളം എന്നെ
തഴുകിയുണർത്തുന്നു.
ഓണത്തുമ്പികളുടെ നിറപ്പകിട്ടുപോലെ
എന്നോർമ്മകൾ ഹൃദയത്തിൽ നിറം ചാർത്തുന്നു.
മനസ്സിന്റെ തൂവൽ സ്പർശങ്ങളാണവ
തുടിക്കുന്ന ഹൃദയത്തിന്റെ നാദങ്ങളാണവ
താരിളം തെന്നലിന്റെ തഴുകലാണവ
എന്റെ മനസ്സിന്റെ കുളിർമ്മയാണവ
ഓർമ്മകളുടെ സംഗീതമെന്നിൽ
തുടികൊട്ടിയുണരുമ്പോൾ
വിടർന്ന പനിനീർപുഷ്പങ്ങളുടെ
പുഞ്ചിരി തൂകുന്ന മുഖം പോലെ-
യാകുന്നു എന്റെ ഹൃദയവും
അതെൻ നല്ലയോർമ്മകൾ മാത്രം
ഓർമ്മയുടെ മാധുര്യം തുളുമ്പുന്ന
ഓരോ നിമിഷവും എന്നിലെ-
യേകാന്ത മനസ്സകലുന്നു
പൊഴിഞ്ഞുപോയ സ്വപ്നങ്ങൾ
തേങ്ങിക്കരഞ്ഞ ദിനങ്ങൾ
അങ്ങിനെയെത്രയെത്രയോർമ്മകൾ
വീണുടഞ്ഞുപോയ സ്വപ്നങ്ങൾ-
തൻ തേങ്ങലുകൾ
പേമാരി കോരിച്ചൊരിയുന്നതുപോലെ
അതെൻ മനസ്സിൽ പെയ്തിറങ്ങുന്നു
കടലിന്റേയേകാന്തത തകർക്കുമലകൾപോലെ
അതെൻ മനസ്സിലേക്കിരമ്പിക്കയറുന്നു.
പൊഴിഞ്ഞുപോയ ദിനങ്ങളെയോർത്തോ
നഷ്ടസ്വപ്നങ്ങളെയോർത്തോ
എന്തുകൊണ്ടെന്നെനിക്കറിയില്ല
ഓർമ്മകളുടെ തുറന്നിട്ട ജാലകം എൻ മനസ്സ്
വിതുമ്പുന്നപോലെ കണ്ണുനീർത്തുള്ളികൾ
പൊഴിയുന്ന പോലെ...

Ms. Soumya Raj, Research Assistant
Jubilee Centre for Medical Research

ഊർജ്ജ സംരക്ഷണ വാരത്തോടനുബന്ധിച്ച് നടത്തിയ മുദ്രാവാക്യമത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ!
പ്രോത്സാഹനസമ്മാനം -
**മി. സിജോ. ജോർജ്ജ്** (സൈക്യാട്രി വാർഡ്)

***Joke***

ട്രെയിനിൽ യാത്ര ചെയ്യുന്ന സർദാർജി ടി.ടി.ഇ.-യോട് :

നാളെ പുലർച്ച രണ്ടുമണിയ്ക്കാണ് എനിക്ക് ഇറങ്ങേണ്ട സ്റ്റേഷനിൽ വണ്ടി എത്തുന്നത്. ഞാൻ ഉറങ്ങുകയാണെങ്കിലും എന്നെ വിളിച്ചുണർത്തി ഇറക്കി വിടണം.

പിറ്റെ ദിവസം നേരം വെളുത്തപ്പോൾ സർദാർജി വണ്ടിയിൽ തന്നെ ഉണ്ടായിരുന്നു. ഉടൻ ടി.ടി.ഇ-യോട് സർദാർജി തട്ടിക്കയറി ചോദിച്ചു :

എന്താ എന്നെ ഇറക്കി വിടാഞ്ഞത്?

രണ്ടുമൂന്നുപ്രാവശ്യം ചോദിച്ചിട്ടും മിണ്ടാതിരിക്കുന്ന ടി.ടി.ഇ.-യോട് സർദാർജി :

താൻ മിണ്ടാതിരുന്ന് എന്താണ് ആലോചിക്കുന്നത്?

ടി.ടി.ഇ. : ഞാൻ രാത്രി ഇറക്കിവിട്ട സർദാർജിയെ കുറിച്ചാണ് ആലോചിക്കുന്നത്

Mr. Baby, Insurance

മുൻപോട്ടും പുറകോട്ടും ഒരു പോലെ വായിക്കാൻ സാധിക്കുന്ന വാക്കുകളെ ‘പാലിൻഡ്രോം’ (‘Palindrome’) എന്നു പറയും.

ഉദാ : Madam, Malayalam, ‘was it a car or a cat I saw’

ഇതുപോലുള്ള വാചകങ്ങൾ എഴുതി ജൂബിലെറ്റ് ബോക്സിൽ നിക്ഷേപിക്കുയോ, jubilet678@gmail.com -ലേക്ക് അയയ്ക്കുകയോ ചെയ്യുക. സമ്മാനം നേടുക.

**WELCOME TO JUBILEE FAMILY**

STAFF NURSES

| | | | |
|---|---|---|---|
| 1 | SR. ANNIE JOSE | 19 | SR. MARIA |
| 2 | AJEENA K. J. | 20 | MARIA PAUL |
| 3 | ANJALI H. | 21 | MITTY THOMAS |
| 4 | ANU JOSE PULIKKOTTIL | 22 | NANCY JOSE |
| 5 | ASHMI MATHEW | 23 | NEETHU JOHN |
| 6 | CELIN ROSE P. V. | 24 | NIMMY THOMAS |
| 7 | SR. DAISY | 25 | NIMMY VARGHESE |
| 8 | DEEPA THOMAS | 26 | PRINCY FRANCIS |
| 9 | DEEPTHY MARY JOHN | 27 | PRITTY M. K. |
| 10 | GEEVA R. | 28 | PRIYA JOHN |
| 11 | GEORGEENA PAUL | 29 | SR. SOONA C. S. C |
| 12 | IVYMOL ISSAC | 30 | SANGEETHA SEBASTIAN |
| 13 | JIMA JOSE K. | 31 | SHILJY T. P. |
| 14 | JOSMINI K. J. | 32 | SINI U. S. |
| 15 | LEENA ABRAHAM | 33 | SOWMYA JACOB |
| 16 | LIGI DEVASSY | 34 | SREELEKSHMI S. NAIR |
| 17 | LITTY THOMAS | 35 | VIBHA ANTO |
| 18 | MANASI A. M. | 36 | VINITHA K. B. |
| 37 | MERIN JOY | MICROBIOLOGY DEPARTMENT | |
| 38 | MINI JOHNSON (ALEX) | ANAESTHESIA TECHNICIANS | |
| 39 | SUSAN ANTONY | | |
| 40 | DEEPAMOL K. G. | NURSING ATTENDANTS | |
| 41 | PRASEETHA BIJU | | |
| 42 | REKHA R. | | |
| 43 | JOSEPH C. A. | PURCHASE DEPARTMENT | |
| 44 | RESHMA C. J. | | |
| 45 | SR.ANN CRYSTAL | PHARMACY | |
| 46 | SWATHI KRISHNA | | |
| 47 | MISLIYA P | | |
| 48 | SOUMYA RAJ | RESEARCH ASSISTANT | |

**Editorial Board**
Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath | Dr. Fiju Chacko | Dr. Harris Paul | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Vijoy C. V. |
Ms. Suma Paul | Ms. Deepa Tom | Ms. Sheena Darlin | Ms. Ansa | Ms. Rakhi K. B. | Ms. Niviya Nello | Ms. Krishnaveni | Ms. Stefy C. Joseph | Ms. Ashly Jose | Ms. Dency Devassy